പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 161 — 27.6.2011 ൽ മറുപടിയ്ക്ക്

## പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ; | | ശ്രീ. റ്റി.എം. ജേക്കബ് (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുവാൻ പുതുതായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | എ) | ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; | ബി) | ഉണ്ട്. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങാൻ നിർദ്ദേശിച്ച മാവേലി സ്റ്റോറുകളുടെ എണ്ണവും വിശദവിവരങ്ങളും വെളിപ്പെടുത്താമോ ? | സി) | 141 പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. സപ്ലൈകോയുടെ വിൽപ്പനശാലകൾ വഴി 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തു വരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം അരി (മട്ട,ബോധന, പച്ചരി) യ്ക്ക് കി.ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽവിൽപ്പനശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിന് പുറമെ ആദിവസി/ തീരദേശ മേഖലകളിൽ നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

5. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതുവിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

6. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതു വഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാദ്ധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

7. ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

8. എ.ആർ.ഡി ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതു വഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്.

9. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. എഫ്.എം.സി.ജി സാധനങ്ങൾ എം.ആർ.പി യെക്കാളും ശരാശരി 10% വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ എം.ആർ.പി യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

10. പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻ പുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

11. ഉൽസവകാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാലചന്തകൾ നടത്തി വരുന്നു. വരുന്ന റംസാൻ- ഓണക്കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രത്യേക ഓണചന്തകൾ/ഫെയറുകൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12. സംസ്ഥാനത്തെ ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്തുവരുന്ന പദ്ധതി വിപുലീകരിക്കും. 2011 ലെ ഓണത്തോടനുബന്ധിച്ച് അനാഥർ ഉൾപ്പെടെയുള്ള ബി.പിഎൽ കാർഡുടമകൾക്ക് 25 കി.ഗ്രാം അരി 'കി.ഗ്രാമിന് 1 രൂപ നിരക്കിൽ നൽകുന്ന പദ്ധതി ആരംഭിക്കുന്നതാണ്. കൂടാതെ 100 ദിനപരിപാടിയിൽ ഉൾപ്പെടുത്തി റേഷൻ കാർഡിനായി നിലവിലുള്ള മുഴുവൻ അപേക്ഷകളും തീർപ്പ് കൽപ്പിക്കുന്നതാണ്.

13. ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം (ഒ.എം.എസ്.എസ്) പ്രകാരം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.